# SSLC MOD^EL EXAMINATION, FEBRUARY - 2023

## SOCIAL SCIENCE

(Malayalam)

Time : 2½ Hours | Total Score : 80

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- **Part-A** യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **Part-B** യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

**Score**

### PART-A

1. 'ധാതുക്കളുടെ കലവറ' എന്നറിയപ്പെടുന്ന ഭൂപ്രകൃതി വിഭാഗം : **1**
   (a) തീരസമതലങ്ങൾ (b) ഉത്തരമഹാസമതലം
   (c) ഉത്തരപർവതമേഖല (d) ഉപദ്വീപീയ പീഠഭൂമി

2. ഇന്ത്യയിൽ ഗാന്ധിജി നടത്തിയ അവസാനത്തെ ബഹുജനസമരമേത് ? **1**
   (a) നിസ്സഹകരണ സമരം (b) സിവിൽ നിയമ ലംഘനസമരം
   (c) ക്വിറ്റ് ഇന്ത്യാ സമരം (d) ഖിലാഫത്ത് പ്രസ്ഥാനം

3. ചുവടെ നൽകിയിട്ടുള്ള പ്രവർത്തനങ്ങളിൽ പൗരബോധം പ്രതിഫലിക്കുന്ന പ്രവർത്തനം ഏത് ? **1**
   (a) പരിസ്ഥിതി മലിനീകരണം
   (b) പ്രകൃതി സംരക്ഷണം
   (c) അഴിമതി
   (d) ട്രാഫിക് നിയമങ്ങൾ പാലിക്കാതിരിക്കൽ

4. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബർ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം : **1**
   (a) പശ്ചിമ ബംഗാൾ (b) അസം
   (c) തമിഴ്നാട് (d) കേരളം

Score

5. ചുവടെ നൽകിയിരിക്കുന്നവയിൽ തദ്ദേശ സ്വയംഭരണ സർക്കാരുകൾ ചുമത്തുന്ന നികുതി ഏത് ? 1

(a) തൊഴിൽ നികുതി (b) ഭൂനികുതി

(c) സ്റ്റാമ്പ് ഡ്യൂട്ടി (d) കോർപറേറ്റ് നികുതി

6. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക. 4

| എ | ബി |
|---|---|
| വിശ്വഭാരതി സർവകലാശാല | എം. എ അൻസാരി |
| ജാമിഅ മില്ലിയ ഇസ്ലാമിയ | മഹാത്മാ ഗാന്ധി |
| കേരള കലാമണ്ഡലം | രവീന്ദ്രനാഥ ടാഗോർ |
| വാർധാ വിദ്യാഭ്യാസ പദ്ധതി | വള്ളത്തോൾ നാരായണ മേനോൻ |

7. നെൽകൃഷിയ്ക്ക് ആവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ എന്തെല്ലാം ? 3

8. പൗരബോധ രൂപീകരണത്തിൽ മാധ്യമങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. പ്രസ്താവന സാധൂകരിക്കുക. 3

9. സമൂഹശാസ്ത്രത്തിലെ പഠനരീതികളിലൊന്നായ നിരീക്ഷണത്തെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക. 3

10. ഇന്ത്യയിലെ ശൈത്യകാലത്തിന്റെ സവിശേഷതകൾ എഴുതുക. 3

11. ബജറ്റ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? മിച്ചബജറ്റും കമ്മിബജറ്റും തമ്മിലുള്ള വ്യത്യാസമെന്ത് ? 3

12. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ സുഭാഷ് ചന്ദ്രബോസ് വഹിച്ച പങ്ക് വ്യക്തമാക്കുക. 4

13. ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്തൃകോടതികൾ വഴി ലഭിക്കുന്ന പരിഹാരങ്ങൾ ഏതെല്ലാം ? 4

Score

14. മലബാറിൽ കേരളവർമ പഴശ്ശിരാജ ബ്രിട്ടീഷുകാർക്കെതിരായി നടത്തിയ ചെറുത്തുനിൽപ്പുകൾ വിശദീകരിക്കുക. 4

15. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(A) ഗോദാവരി നദി
(B) മാൾവാ പീഠഭൂമി
(C) പൂർവ്വഘട്ടം
(D) കൊച്ചി തുറമുഖം

## PART-B

16. ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക. 3

**അല്ലെങ്കിൽ**

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ സംയോജനത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.

17. പ്രാദേശിക വാതങ്ങൾ എന്നാലെന്ത് ? ഇന്ത്യയിൽ വീശുന്ന പ്രാദേശിക വാതങ്ങൾക്ക് ഉദാഹരണങ്ങളെഴുതുക. 3

**അല്ലെങ്കിൽ**

വസന്തകാലത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

18. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിലേയ്ക്ക് നയിച്ച ഏതെങ്കിലും മൂന്ന് കാരണങ്ങൾ സൂചിപ്പിക്കുക. 3

**അല്ലെങ്കിൽ**

1964-ലെ കോത്താരി കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാം ?

19. രാഷ്ട്രം നിർവഹിക്കുന്ന നിർബന്ധിത ചുമതലകളും വിവേചനപരമായ ചുമതലകളും താരതമ്യം ചെയ്യുക. 4

**അല്ലെങ്കിൽ**

വിവരാവകാശ നിയമത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

20. മൈക്രോഫിനാൻസിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാം ? 4

**അല്ലെങ്കിൽ**

ആരോഗ്യമുള്ള വ്യക്തികൾ രാജ്യ പുരോഗതിയിൽ പങ്കാളികളാകുന്നത് എങ്ങനെയെന്ന് വിശദമാക്കുക.

Score

21. രാഷ്ട്ര രൂപീകരണത്തിന് അനിവാര്യമായ ഒരു ഘടകമാണ് ജനങ്ങൾ. പ്രസ്താവന സാധൂകരിക്കുക. 4

**അല്ലെങ്കിൽ**

ഇന്ത്യൻ സിവിൽ സർവീസിന്റെ ഏതെങ്കിലും രണ്ട് വിഭാഗങ്ങളെക്കുറിച്ച് വിശദീകരിക്കുക.

22. ആകാശീയ വിദൂര സംവേദനവും ഉപഗ്രഹ വിദൂര സംവേദനവും താരതമ്യം ചെയ്യുക. 4

**അല്ലെങ്കിൽ**

നൽകിയിട്ടുള്ള മാതൃകാ റഫറൻസ് ഗ്രിഡുകൾ വിശകലനം ചെയ്ത് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(i) ഗ്രിഡിൽ നൽകിയിട്ടുള്ള സാംസ്കാരിക സവിശേഷതകൾ ഏതെല്ലാം ?

(ii) വാസസ്ഥലങ്ങളുടെയും കോട്ടയുടേയും സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിൽ കണക്കാക്കുക.

23. ബാങ്കിതര ധനകാര്യ കമ്പനികൾ നൽകുന്ന പ്രധാന സേവനങ്ങൾ ഏതെല്ലാം ? 4

**അല്ലെങ്കിൽ**

ജനന നിരക്ക്, മരണനിരക്ക്, കുടിയേറ്റം എന്നിവ ഒരു രാജ്യത്തിന്റെ ജനസംഖ്യയിൽ മാറ്റം വരുത്തുന്നതെങ്ങനെയെന്ന് വിശദമാക്കുക.

24. സൂര്യന്റെ അയനവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ വിശദമാക്കുക. 5

(i) ഉത്തരായനം

(ii) ദക്ഷിണായനം

**അല്ലെങ്കിൽ**

മധ്യരേഖാ ന്യൂനമർദ്ദ മേഖലയും ഉപോഷ്ണ ഉച്ചമർദ്ദ മേഖലയും രൂപപ്പെടുന്നതെങ്ങനെ ? ഈ മർദ്ദ മേഖലകൾക്കിടയിൽ വീശുന്ന ആഗോളവാതം ഏത് ?

Score

25. ചുവടെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ റഷ്യൻ വിപ്ലവത്തെ വിശകലനം ചെയ്യുക. 6

**സൂചനകൾ :**

- ഫെബ്രുവരി വിപ്ലവം
- ഒക്ടോബർ വിപ്ലവം

**അല്ലെങ്കിൽ**

രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.

- o O o -

